**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 344** **28-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. മൂലമുണ്ടായ നികുതി ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാന സർക്കാരിനുണ്ടായ നികുതി ചോർച്ച സംബന്ധിച്ച് പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്, ജി എസ് ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. അന്തർസംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സ് ന്റെ ആനുകൂല്യം ലഭിക്കുന്നതിനാൽ ഇത് മുതലെടുത്തു അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി എസ് ടി നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അസ്സെസ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ജി.എസ്.ടി. സംവിധാനം നിലവിൽ വന്നശേഷം ചെക്ക്പോസ്റ്റുകളിൽനിന്നുള്ള വരുമാനത്തേക്കാൾ നികുതി വരവിൽ കാര്യമായ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | വാറ്റ് സമ്പ്രദായത്തിൽ വാണിജ്യ നികുതി വകുപ്പ് ചെക്ക് പോസ്റ്റുകൾ നേരിട്ട് നികുതി പിരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആയിരുന്നില്ല. സംസ്ഥാന അതിർത്തി കടന്നു വരുന്ന ചരക്കുവാഹനങ്ങളുടെ പരിശോധനയും ചരക്കുകളുമായി ബന്ധപ്പെട്ട ഇ -ഡിക്ലറേഷനുകളുടെ അപ്രൂവലും ആണ് പ്രധാനമായും ചെക്ക് പോസ്റ്റുകളിൽ ചെയ്തിരുന്നത്. മതിയായ രേഖകൾ ഇല്ലാതെ കൊണ്ട് വരുന്ന ചരക്കുകളിന്മേൽ സെക്യൂരിറ്റി ചുമത്തുകയും പിന്നീട് പരിശോധനയിൽ നികുതി വെട്ടിപ്പ് സ്ഥാപിക്കപ്പെടുന്ന പക്ഷം പിഴ ഈടാക്കി തീർപ്പാക്കുകയുമാണ് ചെയ്തു വന്നിരുന്നത്.ജി എസ് ടി സമ്പ്രദായത്തിൽ ചെക്ക് പോസ്റ്റുകൾ പൂർണമായും നിർത്തലാക്കുക- യുണ്ടായി. ഇതിനെ തുടർന്ന് വിവര സാങ്കേതിക വിദ്യയിൽ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായ ഇ-വേബിൽ സമ്പ്രദായം കൊണ്ടുവന്നു. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ സർവേയ്ലൻസ് സ്ക്വാഡുകളെയും ഇന്റലിജൻസ് സ്ക്വാഡുകളെയും വിന്യസിക്കുകയും അതിർത്തി പ്രദേശങ്ങളിലെ വാഹന പരിശോധന കൂടുതൽ ശക്തമാക്കുകയും ചെയ്യുകയുണ്ടായി. പ്രധാന അതിർത്തി പ്രദേശങ്ങളിൽ സർവേയ്ലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഇത് ANPR സിസ്റ്റം (Automatic number plate recognition system) ആയി ബന്ധപ്പെടുത്തി ഇ-വേബിൽ എടുക്കാതെ അതിർത്തികടന്നു വരുന്ന വാഹനങ്ങളുടെ വിവരം അലർട്ട് മെസ്സേജ് വഴി തത്സമയം സ്ക്വാഡുകൾക്കു കൈമാറുന്ന സംവിധാനം നടപ്പാക്കുകയും ചെയ്തു. ഇത്തരം സംവിധാനങ്ങൾ നടപ്പാക്കുക വഴി ചെക്ക് പോസ്റ്റുകൾ ഇല്ലാതായതുമൂലം ഉണ്ടായ നികുതി വെട്ടിപ്പ് പ്രശ്നങ്ങൾ വലിയ അളവിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പരിശോധനകൾ കൂടുതൽ കർശനമാക്കുന്നത് മൂലം ചരക്കു കൈമാറ്റങ്ങൾ കണക്കിൽപ്പെടുത്തുന്നതിന്റെ തോത് കൂടുകയും നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്യുന്നു. വാറ്റ് സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ജി എസ് ടി യിൽ അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ന്റെ ആനുകൂല്യം വ്യാപാരികൾക്കു ലഭ്യമാകുന്നുണ്ട്. ഇത് അന്തർസംസ്ഥാന കൈമാറ്റങ്ങൾ വ്യാപാരികൾ തങ്ങളുടെ കണക്കിൽപ്പെടുത്തുന്നതിനു കാരണമാകുന്നു. വാറ്റ് കാലയളവിലെ ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തേക്കാൾ ആകെ ജി എസ് ടി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ